# കവിത്രയത്തിന്റെ സാഹിത്യ നിരൂപണം

## പ്രബന്ധസംഗ്രഹം (Synopsis)

സർഗ്ഗാത്മക സാഹിത്യകാരന്മാർ നിരൂപകരാകുമ്പോൾ സംഭവിക്കുന്നതെന്ത് എന്നത് പ്രസക്തമായ ഒരു ചോദ്യമാണ്. ഭിന്ന സ്വഭാവങ്ങളും ഭിന്ന സമീപനങ്ങളും അനിവാര്യമാക്കുന്ന ഭിന്നപ്രതിഭകൾ കവിത്വത്തിനും നിരൂപകത്വത്തിനും പിന്നിൽ ഉണ്ട്. കവിത്വം സൗന്ദര്യത്തിന്റെ തലങ്ങൾ തേടുന്നു. കവിത്വം യുക്തി ബാഹ്യമായ പ്രതലങ്ങളിൽ സഞ്ചരിക്കുമ്പോൾ നിരൂപകത്വം യുക്തി വിധേയമായി സഞ്ചരിക്കുന്നു. കവിത്വം ഉദ്ഗ്രഥനാത്മകമാണ് നിരൂപകത്വമാകട്ടെ അപഗ്രഥനാത്മകവും. ഇങ്ങനെ അടിസ്ഥാനപരമായി തന്നെ വൈരുദ്ധ്യങ്ങൾ നിറഞ്ഞു നിൽക്കുന്ന കവിത്വവും നിരൂപകത്വവും ഒരേ വ്യക്തിയിൽ സമ്മേളിക്കുന്നത് സാധാരണയായി സംഭവിക്കാറില്ല. അപൂർവ്വമായി സംഭവിച്ചിട്ടുണ്ടു താനും. പാശ്ചാത്യ പൗരസ്ത്യ സാഹിത്യലോകം പരിശോധിച്ചാൽ ഇതിന് ഉദാഹരണങ്ങൾ കണ്ടുകിട്ടുകയും ചെയ്യും. കവിയുടെയും നിരൂപകന്റെയും കൃത്യങ്ങളെന്ത് എന്ന് രണ്ട് സാഹിത്യങ്ങളും നിഷ്കൃഷ്ടമായി പരിശോധിച്ചിട്ടുണ്ട്.

ഇതിനെ അടിസ്ഥാനമാക്കി ആധുനിക കവിത്രയമായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവർ മലയാളസാഹിത്യ നിരൂപണത്തിനു നൽകിയ സംഭാവനകളെ പരിശോധിക്കുകയും അവരുടെ നിരൂപണസങ്കല്പം കണ്ടെത്തുകയും ചെയ്യുക എന്നതാണ് ഈ പ്രബന്ധരചനകൊണ്ട് ലക്ഷ്യമാക്കുന്നത്. സർഗ്ഗാത്മകസാഹിത്യരംഗത്ത് നിറഞ്ഞു നിന്ന് മലയാളഭാഷയ്ക്ക് മഹത്തായ സംഭാവനകൾ നൽകിയ കവിത്രയം, സാഹിത്യനിരൂപണരംഗത്ത് നൽകിയ സംഭാവനകളെ പരിശോധിക്കുന്നതിലും അവരുടെ നിരൂപണ സങ്കല്പത്തെക്കുറിച്ച് പഠിക്കുന്നതിലും പ്രസക്തിയുണ്ട്. മലയാളനിരൂപണത്തിന്റെ പ്രാരംഭകാലത്തിന് തൊട്ടുപിന്നാലെയാണ് ഇവരുടെ കടന്നുവരവ്. കവിത്രയത്തിന്റെ നിരൂ

പണസങ്കല്പം കൂടി അറിഞ്ഞിരിക്കുന്നത് അവരുടെ കാവ്യങ്ങൾ ആസ്വദിക്കുന്നതിന് കൂടുതൽ സഹായകമാകും എന്നതുകൊണ്ടും ഈ പഠനത്തിന് പ്രസക്തിയുണ്ട്. ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്ന ക്രമമാണ് ഈ പഠനത്തിൽ സ്വീകരിച്ചിരിക്കുന്നത്. അവർ ജനിച്ച വർഷത്തെ അടിസ്ഥാനമാക്കിയാണിത്. ഈ പ്രബന്ധത്തെ അഞ്ച് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. കവിത്രയത്തിന്റെ നിരൂപണത്തെക്കുറിച്ചുള്ള പഠനത്തിന്റെ പശ്ചാത്തലമെന്ന നിലയിൽ മലയാള സാഹിത്യനിരൂപണത്തിന്റെ പ്രാരംഭകാലഘട്ടത്തെ പരിചയപ്പെടുത്തുകയും പഠിക്കുകയും ചെയ്യുന്നു 'മലയാളസാഹിത്യനിരൂപണം കവിത്രയത്തിനു മുമ്പ്' എന്ന ഒന്നാം അദ്ധ്യായത്തിൽ. ലീലാതിലകകാലം മുതൽ പത്രമാസികാകാലംവരെയുള്ള മലയാള നിരൂപണത്തിന്റെ അവസ്ഥയെ പരിശോധിക്കുകയും കേരളവർമ്മ വലിയകോയിത്തമ്പുരാൻ എ.ആർ. രാജരാജവർമ്മ, സി. പി. അച്യുതമേനോൻ, സാഹിത്യ പഞ്ചാനനൻ പി.കെ. നാരായണപിള്ള, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, സി. അന്തപ്പായി, വിദ്വാൻ സി.എസ്. നായർ തുടങ്ങിയ ആദ്യകാല നിരൂപകരുടെ സാഹിത്യ നിരൂപണ സംഭാവനകളെ പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

'കുമാരനാശാന്റെ സാഹിത്യനിരൂപണം' എന്ന രണ്ടാം അദ്ധ്യായത്തിൽ ആശാന്റെ നിരൂപണ സംഭാവനകളെക്കുറിച്ച് പഠിക്കുന്നു. തന്റെ കവിതകളിലൂടെ ആശാൻ അവതരിപ്പിച്ച കാവ്യസങ്കല്പത്തെ പശ്ചാത്തല പഠനമെന്ന നിലയിൽ ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1903 മുതൽ 1917 വരെ 14 വർഷം വിവേകോദയം മാസികയുടെ പത്രാധിപരായിരുന്നു കുമാരനാശാൻ. പത്രാധിപ കുറിപ്പുകളിൽ ഒരുഭാഗം പുസ്തകാഭിപ്രായത്തിനുവേണ്ടി ഉപയോഗിച്ചിരുന്നു. ഈ പംക്തിയിലൂടെ അദ്ദേഹം അക്കാലത്ത് പ്രസിദ്ധീകരിച്ച ചില കൃതികളെ നിരൂപണം ചെയ്തിട്ടുണ്ട്. പ്രതിഭാ മാസികയിൽ സരസ്വതീരംഗമെന്ന പേരിൽ പുസ്തകനിരൂപണ പംക്തിയുണ്ടായിരുന്നു. ഇതിന്റെ പത്രാധിപരായിരിക്കെ പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ഭാഷാഭൈമീപരിണയം നിരൂപണം ചെയ്തു അദ്ദേഹം. ഇവയെ കൂടാതെ തന്റെ കൃതികൾക്ക് ആശാൻ എഴുതിയി

ട്ടുള്ള മുഖവുരകളും ഈ പഠനത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ഇവയെ പരിശോധിച്ച് ആശാന്റെ നിരൂപണസങ്കല്പത്തെ വിലയിരുത്തുകയാണ് ചെയ്തിരിക്കുന്നത്. അദ്ധ്യായത്തിന്റെ അവസാനം നിഗമനങ്ങളും ചേർത്തിട്ടുണ്ട്.

'ഉള്ളൂരിന്റെ സാഹിത്യ നിരൂപണം' എന്ന മൂന്നാം അദ്ധ്യായത്തിൽ ഉള്ളൂരിന്റെ നിരൂപണസംഭാവനകളെക്കുറിച്ച് പഠിക്കുന്നു. തന്റെ കവിതയിൽ അവതരിപ്പിച്ചിരിക്കുന്ന കാവ്യസങ്കല്പത്തെക്കുറിച്ചുള്ള പഠനമാണ് ഈ അദ്ധ്യായത്തിൽ ആദ്യ ഭാഗത്ത് നടക്കുന്നത്. വിജ്ഞാനദീപിക നാല് ഭാഗങ്ങൾ, ഭാഷാചമ്പുക്കൾ, സ്മരണമാധുരി, ഉള്ളൂരിന്റെ പ്രബന്ധങ്ങൾ, മലയാളവസന്തം, കേരളസാഹിത്യചരിത്രം എന്നീ കൃതികളും മറ്റുള്ളവരുടെ കൃതികൾക്ക് ഉള്ളൂർ എഴുതിക്കൊടുത്തിട്ടുള്ള അവതാരികകളും ഈ പഠനത്തിനായി ഉപയോഗിച്ചിട്ടുണ്ട്. സർഗ്ഗപ്രതിഭയും ഗവേഷണപ്രതിഭയും നിരൂപകപ്രതിഭയും സമ്മേളിച്ച വ്യക്തിത്വമായിരുന്നു ഉള്ളൂരിന്റേത്. അദ്ദേഹത്തിലെ നിരൂപണസങ്കല്പത്തെ കണ്ടെത്തുകയും പരിശോധിക്കുകയുമാണ് ഇവിടെ ചെയ്തിരിക്കുന്നത്. നിഗമനങ്ങൾ അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് ചേർത്തിരിക്കുന്നു.

വള്ളത്തോളിന്റെ നിരൂപണസംഭാവനകളെക്കുറിച്ച് പഠിക്കുകയാണ് 'വള്ളത്തോളിന്റെ സാഹിത്യനിരൂപണം' എന്ന നാലാം അദ്ധ്യായത്തിൽ ചെയ്തിരിക്കുന്നത്. വള്ളത്തോൾ നിരൂപണപഠനത്തിന്റെ പശ്ചാത്തലമെന്ന നിലയിൽ അദ്ദേഹത്തിന്റെ കവിതയിൽ തെളിയുന്ന കാവ്യസങ്കല്പത്തെയും ഇവിടെ പരിശോധിക്കുന്നുണ്ട്. ആത്മപോഷിണി, കേരളോദയം എന്നീ മാസികകളുടെ പത്രാധിപരായിരുന്നുകൊണ്ട് വള്ളത്തോൾ നടത്തിയ പുസ്തകനിരൂപണങ്ങൾ ഈ പഠനത്തിന് ഉപയോഗിച്ചിട്ടുണ്ട്. പ്രസംഗവേദിയിൽ, വള്ളത്തോൾ കത്തുകൾ എന്നീ കൃതികളും അദ്ദേഹം മറ്റുള്ളവരുടെ കൃതികൾക്ക് എഴുതിക്കൊടുത്ത അവതാരികകളും ഈ പഠനത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ഇവയെ പരിശോധിച്ച് വള്ളത്തോളിന്റെ നിരൂപണസങ്കല്പത്തെ വിലയിരുത്തുകയാണ് ഈ

അദ്ധ്യായത്തിൽ ചെയ്തിരിക്കുന്നത്. അദ്ധ്യായത്തിന്റെ അവസാനത്തിൽ നിഗമനങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു.

ഉപസംഹാരം എന്ന അഞ്ചാം അദ്ധ്യായത്തിൽ കവിത്രയത്തിന്റെ നിരൂപണ സങ്കല്പത്തെ താരതമ്യം ചെയ്യുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തിരിക്കുന്നു. ആശാന്റെ ലഘുജീവചരിത്രക്കുറിപ്പ്, ഉള്ളൂരിന്റെ ലഘുജീവചരിത്രക്കുറിപ്പ്, വള്ളത്തോളിന്റെ ലഘുജീവചരിത്രക്കുറിപ്പ്, ആശാൻ നിരൂപണം ചെയ്ത കൃതികൾ, വള്ളത്തോൾ നിരൂപണം ചെയ്ത കൃതികൾ എന്നിവ അനുബന്ധമായും ചേർത്തിരിക്കുന്നു.